ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ വരുത്തിയ ബസ്, ബോട്ട് ചാർജ്ജ് വർദ്ധനവുകൾ പുനഃപരിശോധിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ;

(ബി) കെ.എസ്.ആർ.ടി.സി. റിസർവേഷൻ ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ ഇടയായിട്ടുണ്ടോ; എങ്കിൽ ഈ വർദ്ധനവ് എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർദ്ധനവിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു എന്ന് വിശദീകരിക്കുമോ;

(ഡി) ഡീസൽ വില വർദ്ധന മൂലം കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടാകുന്ന പ്രതിമാസ അധിക ഡീസൽ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) പൊതുവിൽ അത്തരത്തിലുള്ള ഒരു കാര്യം ഗവൺമെന്റ് പരിഗണിക്കുന്നില്ല. എന്നാൽ, ബോട്ടു ചാർജ്ജ് വർദ്ധനവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഗവൺമെന്റ് പുനഃപരിശോധനയ്ക്ക് വിധേയമാക്കി വരുകയാണ്.

(ബി) ഉണ്ട്. 150%

(സി) കെ.എസ്.ആർ.ടി.സി. ഇതര സംസ്ഥാനങ്ങളിൽ ഈടാക്കുന്ന റിസർവേഷൻ ചാർജ്ജും മറ്റു ആർ.ടി.സി. കൾ ഈടാക്കുന്ന റിസർവേഷൻ ചാർജ്ജും കണക്കിലെടുത്ത് കൊണ്ടാണ് ഇവിടെയും വർദ്ധന വരുത്തിയത്.

(ഡി) ഡീസൽ വിലയിൽ ഇപ്പോഴുണ്ടായ വർദ്ധനമൂലം കെ.എസ്. ആർ.ടി.സി. ക്ക് ഒരു മാസം ശരാശരി 3.15 കോടി രൂപയുടെ അധിക ചെലവുണ്ടാകുന്നുണ്ട്.

30 (*86) റബ്ബറിന്റെ വാങ്ങൽ നികുതി

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വാങ്ങൽ നികുതി എടുത്തു കളയാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ സംഭരിച്ച റബ്ബറിന് നികുതി ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ;

(ഡി) വാങ്ങൽ നികുതി സംബന്ധിച്ച് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെയും സംസ്ഥാന കൃഷി മന്ത്രാലയത്തിന്റേയും എസ്.ടി.സി. യുടെയും അഭിപ്രായങ്ങൾ സംസ്ഥാന ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റബ്ബറിന് ന്യായമായ വില ലഭ്യമാക്കാൻ ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചില നിബന്ധനകൾക്ക് വിധേയമായി 1.9.1997 മുതൽ 31.10.1999 വരെ സംഭരിച്ച റബ്ബറിന് നികുതി ഒഴിവാക്കിയിട്ടുണ്ട്.

(ഡി) നികുതി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമാണ് 31.10.1999 വരെ എസ്.ടി.സി. സംഭരിച്ച റബ്ബറിന് നികുതി ഒഴിവാക്കിയത്.

(ഇ) 1. 30.7.1997 മുതൽ 3 മാസത്തേയ്ക്ക് കേന്ദ്രസംസ്ഥാന റബ്ബർ സംഭരണ ഏജൻസികളെ എസ്.ആർ.ഒ. 601/97 പ്രകാരം നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിരുന്നു.

2. എസ്.ആർ.ഒ. 693/97 പ്രകാരം റബ്ബറിന്റെ നികുതി 1.9.1997 മുതൽ മൂന്നു മാസത്തേയ്ക്ക് 10%-ൽ നിന്ന് 6% ആയി കുറവ് ചെയ്തു.

3. എസ്.ആർ.ഒ. 897/98 പ്രകാരം സംഭരണ ഏജൻസികൾ വിൽക്കുന്ന റബറിനെ ചില നിബന്ധനകൾക്ക് വിധേയമായി നികുതിയിൽ നിന്ന് ഒഴിവാക്കി 1.9.1997 മുതൽ 31.10.99 വരെ എസ്.റ്റി.സി. സംഭരിച്ച് അഡ്വാൻസ് ലൈസൻസ് ഹോൾഡേഴ്സിന് വിൽക്കുന്ന റബ്ബറിന്റെ പർച്ചേസ് നികുതിയും കേന്ദ്രവിൽപ്പന നികുതിയും ഒഴിവാക്കി (എസ്.ആർ.ഒ.977/99 ഉം എസ്.ആർ.ഒ. 978/99) മേൽ ഉത്തരവുകൾ നികുതിവകുപ്പിൽ നിന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (289) സംസ്ഥാനം എടുത്തിട്ടുള്ള വിവിധയിനം വായ്പകൾ

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95,1995-96,1996-97,1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 വർഷത്തിൽ 30.11.1999 വരെയും ഗവൺമെന്റ് എത്ര പ്രാവശ്യം എത്ര രൂപ വീതം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലഘട്ടങ്ങളിൽ എത്ര പ്രാവശ്യം എത്ര രൂപ വീതം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ട്രഷറി പേമെന്റിന് എന്തെങ്കിലും നിയന്ത്രണം ഉണ്ടോ; വിശദവിവരം വെളിപ്പെടുത്താമോ;

ഉത്തരം

(എ) 1994-95-ൽ 1 തവണ - 330.07 കോടി രൂപ

1995-96-ൽ ഇല്ല

1996-97-ൽ 1 തവണ - 4.46 കോടി രൂപ

1997-98-ൽ ഇല്ല

1998-99-ൽ 7 തവണ - 626.71 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly